പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5084

15.11.2019 - ൽ
മറുപടിയ്ക്ക്

## നേര്യമംഗലം കൃഷിഫാമിൽ സ്റ്റാഫ് സ്ട്രങ്ങ്ത് വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ഇരുന്നൂറ് ഏക്കറിലധികം വ്യാപിച്ചു കിടക്കുന്ന നേര്യമംഗലം കൃഷിഫാമിൽ നിലവിൽ എത്ര സ്ഥിരം തൊഴിലാളികളും എത്ര ക്യാഷ്വൽ തൊഴിലാളികളും ഉണ്ടെന്ന് വ്യക്തമാക്കാമോ; | എ) നേര്യമംഗലം കൃഷിത്തോട്ടത്തിൽ 108 സ്ഥിരം തൊഴിലാളികളും 186 കാഷ്വൽ തൊഴിലാളികളുമാണ് നിലവിലുള്ളത്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ക്യാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തി എന്ന് വ്യക്തമാക്കാമോ; | ബി) 99 കാഷ്വൽ തൊഴിലാളികളെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |
| സി) സ്ഥിരം തൊഴിലാളികളും ക്യാഷ്വൽ തൊഴിലാളികളുമായി മുന്നൂറിൽ അധികം പേർ പണിയെടുക്കുന്ന ജില്ലാ കൃഷി തോട്ടത്തിലെ സ്റ്റാഫ് സ്ട്രെങ്ങ്ത് നൂറ്റി പതിനൊന്ന് മാത്രമാണെന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | സി) നേര്യമംഗലം ഫാമിൽ 111 സ്ഥിരം തൊഴിലാളികളുടെ പോസ്റ്റാണ് ഉള്ളത്. കൃഷി വകുപ്പിനു കീഴിലുള്ള ഫാമുകളിൽ ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിലല്ല തൊഴിലാളികളുടെ അംഗ സംഖ്യ നിശ്ചയിക്കുന്നത്. ഇതിനായി 15.12.80-ലെ സർക്കാർ ഉത്തരവ് [GO(MS) No. 481/80/AD] അനുസരിച്ചുള്ള ഒരു ഫോർമുല നിലവിലുണ്ട്. ഇതനുസരിച്ചാണ് കൃഷി വകുപ്പിന്റെ കീഴിലുള്ള ജില്ലാ ഫാമുകളിൽ തൊഴിലാളികളുടെ അംഗസംഖ്യ നിശ്ചയിച്ചിട്ടുള്ളത്. |
| ഡി) 200 ഏക്കറിലധികം വ്യാപിച്ച് കിടക്കുന്നതും വിപുലമായ പ്രവർത്തനങ്ങൾ ഉള്ളതുമായ ഫാമിൽ സ്റ്റാഫ് സ്ട്രങ്ങ്ത് നൂറ്റി പതിനൊന്നിൽ നിന്നും വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ? | ഡി) ഫാം തൊഴിലാളികളുടെ സേവന വ്യവസ്ഥകൾ പരിഷ്കരിയ്ക്കുന്നതിനുള്ള ലീവ് റൂൾ കമ്മിറ്റിയുടെ ശുപാർശകളിൽ നിലവിലെ അംഗസംഖ്യ നിർണ്ണയിക്കുന്ന ഫോർമുലയിൽ ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ